(സി) ക്ലാസ്സ് ഉള്ള ദിവസം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ട് സൃഷ്ടിച്ച് കോളേജ് സിനിമാ ഷൂട്ടിംഗിന് വിട്ടുകൊടുത്തവരുടെ പേരിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) സിനിമാ ഷൂട്ടിംഗിന് ക്ലാസ്സ് സമയത്ത് കോളേജ് വിട്ടുകൊടുക്കുവാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോ; സിനിമാ ഷൂട്ടിംഗിന് കോളേജ് ആവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിരുന്നുവോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) കോളേജ് യൂണിയൻ ഭരിക്കുന്ന വിദ്യാർത്ഥി സംഘടന ഏതാണ്;

(എഫ്) കോളേജ് യൂണിയന് പണം നൽകിയാണ് പ്രിൻസിപ്പാളിന്റെ പോലും അനുമതി ഇല്ലാതെ കോളേജ് സിനിമാ ഷൂട്ടിംഗിന് വിട്ടുകൊടുത്തതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ജി) കോളേജ് പ്രിൻസിപ്പാൾ ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ആർക്കെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ക്ലാസ്സ് സമയത്ത് സിനിമാ ഷൂട്ടിംഗ് അനുവദിച്ച ബന്ധപ്പെട്ടവരുടെ മേൽ നടപടി സ്വീകരിക്കുമോ;

(ഐ) സിനിമാ ഷൂട്ടിംഗുകാർ പണംപോലും അടയ്ക്കാതെയാണ് ക്ലാസ്സ് സമയങ്ങളിൽ ഷൂട്ടിംഗ് നടത്തിയതെങ്കിൽ അവരിൽനിന്ന് ആവശ്യമായ നഷ്ടപരിഹാരം ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(ജെ) ഏത് സിനിമയുടെ ഷൂട്ടിംഗാണ് ഈ ദിവസങ്ങളിൽ കോളേജിൽ നടന്നത്;

(കെ) മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ ചട്ടവിരുദ്ധമായി പെരുമാറിയ കോളേജ് അധികൃതരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)മുതൽ(കെ)വരെ വിവരം ശേഖരിച്ചുവരുന്നു.

102 (1320) സാക്ഷരതാ പ്രവർത്തനത്തിനായി നിയമിക്കപ്പെട്ടവർ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാക്ഷരതാ പ്രവർത്തനത്തിനായി സംസ്ഥാന ജില്ലാതലങ്ങളിലും മറ്റ് മണ്ഡലങ്ങളിലുമായി എത്രയാളുകളെ നിയമിച്ചിട്ടുണ്ട്; ഏത് ശമ്പള സ്കെയിലിൽ;

(ബി) ഡെപ്യൂട്ടേഷൻ, പി.എസ്.സി. സെലക്ഷൻ, നേരിട്ട് നിയമനം എന്നിവ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) സാക്ഷരതാ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് ഏതെല്ലാം തരത്തിലുള്ള പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനതലം

ഡയറക്ടർ	-	1
അസിസ്റ്റന്റ് ഡയറക്ടർ	-	3
പ്രോജക്ട് കൺസൾട്ടന്റ്	-	3
പബ്ലിക് റിലേഷൻസ് ഓഫീസർ	-	1
അസിസ്റ്റന്റ് എഡിറ്റർ	-	1
ഹെഡ് അക്കൗണ്ടന്റ്	-	1

എന്നിവരെ ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലും നിയമിച്ചിട്ടുണ്ട്.

ഓഫീസ് അസിസ്റ്റന്റ്	-	4 (പ്രതിമാസം 3000 രൂപ)
കമ്പ്യൂട്ടർ ഓപ്പറേറ്റർ	-	2 (പ്രതിമാസം 3000 രൂപ)
പ്യൂൺ	-	1 (പ്രതിമാസം 2500 രൂപ)
ഡ്രൈവർ	-	1 (പ്രതിമാസം 2500 രൂപ)

എന്നിവരെ കരാർ വ്യവസ്ഥയിലും കൂടാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ മറ്റ് ഏഴ് പേരെയും നിയമിച്ചിട്ടുണ്ട്. ദിവസക്കൂലി നിരക്ക് ഓഫീസ് അസിസ്റ്റന്റ് 120 രൂപ . ഡ്രൈവർമാർ, ഡോക്കുമെന്റേഷൻ അസിസ്റ്റന്റ് 100 രൂപ, സ്വീപ്പർ കം പ്യൂൺ 85 രൂപ, പാർട്ട് ടൈം സ്വീപ്പർ 50 രൂപ എന്നിങ്ങനെയാണ് പ്രതിഫലം.

ജില്ലാതലം :

(ഓരോ ജില്ലയിലും)

പ്രോജക്ട് കോ-ഓർഡിനേറ്റർ	-	1 (ശമ്പളം 5000 രൂപ)
അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ	-	1 (3000 രൂപ)
സ്പെഷ്യൽ അസിസ്റ്റന്റ്	-	1 (2000 രൂപ)
മെസഞ്ചർ	-	1 (1000 രൂപ)

എന്നിങ്ങനെയാണ്. ഇതിനുപുറമേ എല്ലാ തുടർ വിദ്യാകേന്ദ്രങ്ങളും പ്രേരക്മാരെ നിയോഗിച്ചിട്ടുണ്ട്. വികസന (നോഡൽ) വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് 700 രൂപയും വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് 300 രൂപയും ഓണറേറിയമായി പ്രോജക്ട് ഫണ്ടിൽനിന്ന് അതാത് പഞ്ചായത്തുകൾ/ സന്നദ്ധ സംഘടന മുഖേന നൽകുന്നു.

(ബി) ഡെപ്യൂട്ടേഷൻ - 9

5 വർഷത്തെ സമയബന്ധിത പരിപാടി ആയതിനാൽ പി.എസ്.സി. വഴി ആരെയും നിയമിച്ചിട്ടില്ല. മറ്റുള്ളവരെയെല്ലാം കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്.

(സി) എല്ലാ ജില്ലകളിലും നിരക്ഷരരെ കണ്ടെത്താനുള്ള സാമ്പിൾ സർവ്വേ നടത്തി. അതിന്റെ അടിസ്ഥാനത്തിൽ തുടർവിദ്യാകേന്ദ്രങ്ങളോടനുബന്ധിച്ച് സാക്ഷരതാപ്രവർത്തനം നടത്താൻ എല്ലാ കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നാലാംക്ലാസ്സ് നിലവാരത്തിനുള്ള പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly